**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **03-03-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ പെരിഞ്ഞനം കുടുംബാരോഗ്യ കേന്ദ്രത്തിൽ 2020-21 കാലയളവിൽ ബജറ്റിൽ പത്ത് കോടി രൂപ വകയിരുത്തിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം സാമൂഹികാരോഗ്യ കേന്ദ്രം 2021-ൽ ബ്ലോക്ക് എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പുതിയ ഒ.പി. ബ്ലോക്ക് പണിയുന്നതിനുള്ള പ്ലാൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസ് മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിരുന്നു. ആയത് ആരോഗ്യ വകുപ്പ് ഡയറക്ടർ അംഗീകരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ഒരു കെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ട്. പ്രസ്തുത കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകിയിട്ടുണ്ട്. പൊളിച്ചു മാറ്റൽ നടപടികൾ സ്ഥാപനത്തിൽ സ്വീകരിച്ചു വരുന്നു. ടെക്നിക്കൽ സാംങ്ഷൻ ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടികൾ പൊതുമരാമത്തു വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൈപ്പമംഗലം മണ്ഡലത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ എടവിലങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ഒഴിവും മതിലകം പഞ്ചായത്തിലെ കുളിമുട്ടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഒഴിവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് വേണ്ട എന്തെല്ലാം നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | 2020 മുതൽ കുടുബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്ന എടവിലങ്ങ് ആശുപത്രിയിൽ രണ്ടു ഡോക്ടർ, ഒരു നഴ്സിംഗ് ആഫീസർ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുണ്ടായിരുന്നത്. പിന്നീട് കുടുംബാരോഗ്യ കേന്ദ്ര പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ തദ്ദേശസ്വയംഭരണ വകുപ്പിലെ പദ്ധതി വഴി നിയമിച്ചിട്ടുണ്ടായിരുന്നു. 2023 ഡിസംബറിൽ ആർദ്രം പദ്ധതി വഴി പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയമിക്കുമ്പോൾ ഒരു ഡോക്ടർ, ഒരു പാരാമെഡിക്കൽ സ്റ്റാഫ് ഈ ക്രമത്തിൽ മാത്രമേ നിയമിക്കാവു എന്നതിന്റെ അടിസ്ഥാനത്തിൽ അധിക ജീവനക്കാരെ ടെർമിനേറ്റ് ചെയ്തിരുന്നു. പിന്നീട് 14/02/2025-ൽ സ്ഥാപനത്തിലേയ്ക്ക് ഒരു ഫാർമസിസ്റ്റ്, ഒരു നഴ്സിംഗ് ആഫീസർ തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്. മേൽ തസ്തികയിൽ ജീവനക്കാരെ നിയമിക്കപ്പെടുന്നതോടു |

| | | | |
|---|---|---|---|
| | | | കൂടി ജീവനക്കാരുടെ കുറവിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. നിലവിൽ എച്ച്.എം.സി. മുഖേന ഒരു ലാബ് ടെക്നീഷ്യനെ നിയമിച്ച് സ്ഥാപനം പ്രവർത്തിച്ചു വരികയാണ്. കുളിമുട്ടം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റിന്റെ രണ്ട് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള രണ്ടു ഫാർമസിസ്റ്റും ആരോഗ്യ കാരണങ്ങളാൽ അവധിയിൽ ആണ്. കുളിമുട്ടം കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മറ്റ് സ്ഥാപനങ്ങളിൽ നിന്നു ഫാർമസിസ്റ്റിനെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നിയോജനം ചെയ്തു നൽകുന്നുണ്ട്. സ്ഥിരമായി ഒരു ഫാർമസിസ്റ്റിനെ നിയമിക്കാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ എച്ച്.എം.സി. തീരുമാനപ്രകാരം ഒരു ഫാർമസിസ്റ്റിനെ ഇന്റർവ്യൂ നടത്തുകയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |
| (സി) | കൈപ്പമംഗലം മണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിലെ കുളിമുട്ടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ തണൽ കേന്ദ്രം പണിയുന്നതിന് ഡയറക്ടറേറ്റിന്റെ അനുമതി വളരെ വേഗത്തിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കുളിമുട്ടം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ ചികിത്സയ്ക്കായി വരുന്ന വയോജനങ്ങൾക്ക് വിശ്രമിക്കുന്നതിനു വേണ്ടി തണൽ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി 12.08.2024-ലെ കത്ത് പ്രകാരം ജില്ല മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഐ.പി.എച്ച്.എസ്. & എൻ.ക്യൂ.എ.എസ്. സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഒരു എഫ്.എച്ച്.സി.-യ്ക്ക് ഒരു ഏക്കർ സ്ഥലം ആവശ്യമാണ്. ആർദ്രം മാനദണ്ഡം അനുസരിച്ച് നിലവിലുള്ള കെട്ടിടത്തിനൊപ്പം മതിയായ കാത്തിരുപ്പ് കേന്ദ്രവും നൽകാവുന്നതാണ്. എന്നാൽ കാത്തിരിപ്പിന് മാത്രമുള്ള മറ്റൊരു കെട്ടിടം നിർബന്ധമല്ല. ഈ പ്രൊപ്പോസൽ വകുപ്പ് തലത്തിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ